LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധന തോണികൾക്കുള്ള മണ്ണെണ്ണ വിതരണം

35 [4774] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൽസ്യബന്ധന തോണികൾക്ക് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഫിഷറീസ് വകുപ്പുമായി ചേർന്ന് മൽസ്യത്തൊഴിലാളികൾക്ക് ആവശ്യത്തിന് മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) മണ്ണെണ്ണയുടെ വെട്ടിക്കുറച്ച തോത് പുനഃസ്ഥാപിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ കേന്ദ്രത്തിന് മുമ്പാകെ നൽകിയ നിവേദനം പരിഗണിച്ചുവോ; അത് പുനഃസ്ഥാപിക്കാൻ ഇതുവരെ കേന്ദ്ര ഗവൺമെന്റ് സന്നദ്ധരായിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) മത്സ്യബന്ധനത്തിന് മണ്ണെണ്ണയ്ക്ക് പ്രത്യേകം ക്വാട്ട അനുവദിച്ചിട്ടില്ല. ഗാർഹിക ക്വാട്ടയിൽ നിന്നാണ് മണ്ണെണ്ണ ഈ ആവശ്യത്തിനും അനുവദിച്ചുവരുന്നത്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണയുടെ വിഹിതത്തിൽ അടിക്കടി കുറവു വരുത്തുന്നതിനാൽ മത്സ്യ ബന്ധന പെർമിറ്റുകൾക്ക് അനുവദിച്ചിരുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തേണ്ടതായി വരുന്നുണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതത്തിൽ വർദ്ധനവ് വരുത്തിയാൽ മാത്രമേ മത്സ്യ തൊഴിലാളികൾക്ക് പെർമിറ്റു പ്രകാരമുള്ള മണ്ണെണ്ണ പൂർണ്ണമായ അളവിൽ ലഭ്യമാക്കുവാൻ കഴിയുകയുള്ളൂ.

(സി, ഡി) സംസ്ഥാനത്തിനുള്ള മണ്ണെണ്ണയുടെ വെട്ടിക്കുറച്ച തോത് പുനഃസ്ഥാപിച്ച് നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് പല പ്രാവശ്യം ആവശ്യപ്പെട്ടുവെങ്കിലും കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ ഒരു തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. ഓരോ വർഷവും സംസ്ഥാനത്തിന് കൂടുതൽ പാചക വാതക കണക്ഷനുകൾ അനുവദിക്കുന്നതിനാൽ അതിനനുസൃതമായി മണ്ണെണ്ണയുടെ ഉപയോഗം കുറയുമെന്നും ആയതിനാൽ മണ്ണെണ്ണ വിഹിതം പുനഃസ്ഥാപിക്കുവാൻ നിർവ്വാഹമില്ലെന്നുമുള്ള നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിതരണം

36 [4775] ശ്രീ. വി. കെ. സി. മമ്മത്കോയ:
„ ടി. പി. രാമകൃഷ്ണൻ:
„ വി. കെ. ചന്ദ്രൻ:
„ പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: